ഉത്തരം

തൃക്കരിപ്പൂർ നിയോജകമണ്ഡലത്തിലെ ഓരിക്കടവ് പാലത്തിന്റെ ബാക്കി പണികൾ ഓപ്പൺ ടെൻഡർ പ്രകാരം നടത്തുന്നതിന് 29-1-2005-ലെ സർക്കാർ ഉത്തരവ് (സാധാരണം) നമ്പർ 115/05/പൊ.മ.വ. മുഖേന അനുമതി നൽകിയിട്ടുണ്ട്.

മലേഷ്യൻ ഗവൺമെന്റിന്റെ സഹായത്തോടുകൂടി നിർമ്മിക്കുന്ന പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണം

81 [680] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലേഷ്യൻ ഗവൺമെന്റിന്റെ സാമ്പത്തിക സഹായത്തോടുകൂടി നിർമ്മിക്കുന്ന പാലക്കാട്-കുളപ്പുള്ളി റോഡിന്റെ നിർമ്മാണകരാറിന്റെ സമയപരിധി നീട്ടിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ ഏതുവരെയാണ്;

(ബി) പ്രസ്തുത പണിയുടെ എസ്റ്റിമേറ്റ് തുക എത്രയാണ് ;

(സി) ഇപ്പോൾ പി.ഡബ്ല്യു. ഡി. റേറ്റ് റിവിഷന്റെ ഭാഗമായി റേറ്റിൽ മാറ്റം വന്നിട്ടുണ്ടോ; എങ്കിൽ എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പാലക്കാട്-കുളപ്പുള്ളി റോഡിൽ പാലക്കാട് മുതൽ ഷൊർണ്ണൂർ വരെ (45.30 കി.മീ.) യുള്ള റോഡു വികസനം ലോകബാങ്ക് സഹായത്തോടെയാണ് നടത്തുന്നത്. ഈ പണിക്കുള്ള കരാറിന്റെ കാലാവധി 2005 മാർച്ച് 31 വരെ താല്കാലികമായി നീട്ടിയിട്ടുണ്ട്.

(ബി) പാലക്കാട്-ഷൊർണ്ണൂർ (45.30 കി. മീ.), തൃശൂർ-കുറ്റിപ്പുറം (33.50) ഉൾപ്പെടെ ആകെ 78.40 കി. മീറ്ററിന് കരാർ തുക 140 കോടി രൂപ.

(സി) ഇല്ല.

ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പ് റോഡുകളുടെ അറ്റകുറ്റപ്പണികൾ

82[681] ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഏതെല്ലാം റോഡുകളുടെ അറ്റകുറ്റപ്പണികളാണ് നടത്താൻ ഉദ്ദേശിക്കുന്നത്;

(ബി) ഓരോ വർക്കിന്റെയും ഇപ്പോഴത്തെ ഘട്ടം എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർക്കുകൾ എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഹരിപ്പാട് മണ്ഡലത്തിൽപ്പെട്ട പൊതുമരാമത്ത് വകുപ്പിന്റെ ഗതാഗതയോഗ്യമല്ലാത്ത എല്ലാ റോഡുകളുടേയും അറ്റകുറ്റപ്പണികൾ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ബി) ഹരിപ്പാട് മണ്ഡലത്തിലെ ഏതാനും റോഡുകളുടെ പണികൾ നടന്നുവരുന്നു. കുറച്ച് റോഡുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. ഇപ്പോൾ ഏതാനും റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുള്ള ദർഘാസ് ക്ഷണിച്ചിട്ടുണ്ട്.

(സി) ഈ പണികൾ എല്ലാ 2005 മാർച്ച് മാസം 15-ാം തീയതിക്ക് മുൻപ് പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു.

പാനൂർ പി. ഡബ്യൂയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവിന്റെ അനക്സ് പണിയാനുള്ള നടപടി

83 [682], ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ പാനൂർ പി. ഡബ്ലിയു. ഡി. ഇൻസ്പെക്ഷൻ ബംഗ്ളാവ് തികച്ചും സൗകര്യമില്ലാത്തതാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത കെട്ടിടത്തിന് അനക്സ് പണിയാനുള്ള നടപടികൾ ആരംഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള നിവേദനത്തിന്മേൽ ഇതുവരെ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കെട്ടിടം പണി എന്ന് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) യും (സി) യും അഡീഷണൽ ബ്ലോക്കും ചുറ്റുമതിലും നിർമ്മിക്കുന്നതിന് പുതുക്കിയ നിരക്കിലുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. എസ്റ്റിമേറ്റിന് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

റോഡ് വീതികൂട്ടാൻ നടപടി

84 [683] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരന്തൂർ- മെഡിക്കൽ കോളേജ് റോഡിൽ കാരന്തൂർ മുതൽ കൊളായി താഴം വരെയുള്ള ഭാഗം വീതി കുറവുമൂലവും വളവ് ഉള്ളതിനാലും യാത്രക്കാർക്കും വാഹനങ്ങൾക്കും ഉണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly